"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയിൽ അക്കൗണ്ട്സ് ഓഫീസർ, എം.ഐ.എസ് എക്സ്പെർട്ട് തസ്തികകളുടെ കരാർ നിയമനത്തിന് അനുമതി നൽകി ഉത്തരവാകുന്നു

---

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(കൈ) നം.30/2026/LSGD തീയതി,തിരുവനന്തപുരം, 19-01-2026

---

പരാമർശം:- 1. 30.12.2015-ലെ സ.ഉ.(ആർ.ടി)നം.3906/2015/LSGD

2. സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ 16.02.2024, 10.07.2024 എന്നീ തീയതികളിലെ നം.34/എം.ജി.എൻ.എസ്..എ.എസ്.കെ/എസ്റ്റാ/2024 നമ്പർ കത്തുകളും 01.03.2025, 05.12.2025 എന്നീ തീയതികളിലെ നം.34/എം.ജി.എൻ.എസ്..എ.എസ്.കെ/എസ്റ്റാ/2024 നമ്പർ കത്തുകളും

**ഉത്തരവ്**

സംസ്ഥാനത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളുടെ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് സംസ്ഥാന സർക്കാർ രൂപീകരിച്ച MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയുടെ പ്രവർത്തനം വലിയ തോതിൽ വിപുലീകരിക്കുകയും കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് നിരവധി ഉത്തരവാദിത്വങ്ങൾ സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ മതിയായ യോഗ്യതയും പ്രാവീണ്യവും ഉള്ള ഒരു അക്കൗണ്ട്സ് ഓഫീസറുടെയും ഒരു എം.ഐ.എസ് എക്സ്പെർട്ടിന്റെയും തസ്തികകൾ സൃഷ്ടിക്കുന്നതിന് സർക്കാർ അംഗീകാരം ലഭ്യമാക്കുവാൻ, സൊസൈറ്റിയുടെ ഗവേർണിംഗ് ബോഡി യോഗത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സോഷ്യൽ ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം ഒരു നിർദ്ദേശം സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തസ്തികകളായ അക്കൗണ്ട്സ് ഓഫീസർ, ഐ.ടി എക്സ്പെർട്ട് എന്നിവരെ നിയമിക്കാമെന്ന് കേന്ദ്ര സർക്കാരിന്റെ ആനുവൽ മാസ്റ്റർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുള്ളതിനാലും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്ക് പുറമെ, സോഷ്യൽ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ വകുപ്പിലും മറ്റു വകുപ്പുകളിലുമുള്ള നിരവധി പദ്ധതികളുടെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ സൊസൈറ്റി നിലവിൽ ഏറ്റെടുത്ത് വരുന്ന

സാഹചര്യത്തിലും സൊസൈറ്റിയുടെ മനുഷ്യവിഭവശേഷി ആനുപാതികമായി വർധിപ്പിക്കുന്നതിന് ആവശ്യമായ വൈദഗ്ധ്യം ഉള്ള ജീവനക്കാരെ നിയമിക്കേണ്ടത് അനിവാര്യമായതിനാലും സൊസൈറ്റിയിൽ ജീവനക്കാരെ നിയമിക്കുന്നതിന് ഉൾപ്പെടെയുള്ള ചെലവുകൾ പൂർണ്ണമായും വഹിക്കുന്നത് കേന്ദ്ര സർക്കാരാണെന്നുമുള്ള സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും ഇതിനായി തസ്തിക സൃഷ്ടിക്കേണ്ടതില്ല എന്ന വ്യവസ്ഥയ്ക്കു വിധേയമായി MGNREGA സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയിൽ (MGNSASK) അക്കൗണ്ട്സ് ഓഫീസർ, എം.ഐ.എസ് എക്സ്പെർട്ട് എന്നീ തസ്തികകളുടെ കരാർ നിയമനത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രാമനാഥ് ജി
ഡെപ്യൂട്ടി സെക്രട്ടറി

**Copy to:**സോഷ്യൽ ഓഡിറ്റ് ഡയറക്ടർ,തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, LSGD, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, MGNREGS, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22.08.2025-ലെ 3133830/ഡെവ-1/87/2025/ഫിൻ പ്രകാരം)
വെബ് & ന്യൂ മീഡിയ, ഐ&പിആർഡി
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 20-01-2026 11:40:58

സെക്ഷൻ ഓഫീസർ

ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്